(ബി) എങ്കിൽ ചില വിദേശ ടെക്നോളജി എന്ന പേരിൽ കോടിക്കണക്കിന് രൂപയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഏറെ പ്രചരിക്കപ്പെട്ടിരിക്കുന്ന ഈ സമ്പ്രദായത്തിന്റെ ശാസ്ത്രീയാടിത്തറയെ സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ;

(ഡി) സർക്കാരിന്റെ എന്തെങ്കിലും നിയന്ത്രണങ്ങൾക്കോ നിബന്ധനകൾക്കോ വിധേയമായിട്ടാണോ പ്രസ്തുത ചികിത്സ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കോണിബയോ ചികിത്സാ സമ്പ്രദായത്തിന്റെ ശാസ്ത്രീയാടിത്തറയെ കുറിച്ച് ഒരു അന്വേഷണം നടത്തുന്നതിനും ആയതിന്റെ നിജസ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മരുന്നുകൾ വാങ്ങുന്നതിന് പ്രത്യേക സമിതികൾ

157 (3853) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അലോപ്പതി ആശുപത്രികൾക്കാവശ്യമായ മരുന്നുകൾ വാങ്ങിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ പ്രത്യേക സമിതികൾ നിലവിലുണ്ടോ ;

(ബി) ഇത്തരം സമിതികൾ നിലവിലുണ്ടെങ്കിൽ ഒരു വർഷത്തിൽ എത്ര പ്രാവശ്യം ഇവ യോഗം ചേരണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് ;

(സി) ഈ സമിതികൾ അവസാനമായി യോഗം ചേർന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സമിതിയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നൂതന പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മരുന്നു വിതരണ സംബന്ധമായ കാര്യങ്ങളിൽ തീരുമാനമെടുക്കുവാൻ ആവശ്യമായ സമയങ്ങളിലെല്ലാം കമ്മിറ്റി യോഗം ചേർന്നുവരുന്നു. നിശ്ചിത പ്രാവശ്യം ചേർന്നിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടില്ല.

(സി) 5-6-2003-ൽ സി.പി.സി. അവസാനമായി യോഗം ചേർന്നിട്ടുണ്ട്.

(ഡി) സി.പി.സി.യുടെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി അയൽസംസ്ഥാനങ്ങളിൽ നിലവിലുള്ള പർച്ചേസ് സംവിധാനങ്ങളെകുറിച്ച് പഠനം നടത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾ പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രീകൃത പർച്ചേസും, പേമെന്റും ഇതിന്റെ ഭാഗമായി പുതുതായി നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റോറുകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മരുന്നുകളുടെ പ്രീ കാളിഫിക്കേഷൻ ടെസ്റ്റ് നടത്തുവാൻ ഡ്രഗ്സ് കൺട്രോളറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സ്റ്റാഫ് നേഴ്സുമാരുടെ നിയമനം

158 (3856) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റാഫ് നേഴ്സുമാരുടെ നിലവിലുള്ള ഒഴിവുകൾ എത്ര ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) സ്റ്റാഫ് നേഴ്സുമാരുടെ നിയമനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള നിരോധനം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ നിലവിലുള്ള സ്റ്റാഫ് നേഴ്സുമാരുടെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-7-2003-ലെ കണക്കനുസരിച്ചുള്ള ഒഴിവുകളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം - ഒഴിവുകൾ -486.

448 എണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. ഈ ഒഴിവുകളിൽ പി.എസ്.സി. ഇതുവരെ ആരെയും അഡ്വൈസ് ചെയ്തിട്ടില്ല. 38 ഒഴിവുകളിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കൊല്ലം - ഒഴിവുകൾ-11

ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly